"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 13-03-2021

## സർക്കുലർ നം 17

ജയിലുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന ബഹു ഭൂരിപക്ഷം പേരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്നും ജയിലുകളിൽ പാർപ്പിച്ചിരിക്കുന്ന ബന്ധുക്കളോ സുഹൃത്തുകളോ ആയ പ്രതികളെ കാണാൻ എത്തണമെങ്കിൽ പ്രവർത്തി ദിവസങ്ങളിൽ, കൂലിപ്പണിക്ക് പോകുന്നവർ അവരുടെ ഒരു ദിവസത്തെ ജോലി ഒഴിവാക്കേണ്ടതായി വരുന്നുണ്ടെന്നും മുൻകാലങ്ങളിൽ പ്രതികളെ വിവിധ കോടതികളിൽ ഹാജരാക്കുമ്പോൾ അവിടെ വച്ച് ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും കാണാൻ സാധിക്കുമായിരുന്നു എന്നും നിലവിൽ പ്രതികളെ വീഡിയോ കോൺഫറൻസ് വഴി കോടതി നടപടികൾ നടത്തുന്നതിനാൽ ടി സൗകര്യം നഷ്ടപ്പെട്ടിരിക്കുകയാണെന്നുമുള്ള പരാതികൾ വകുപ്പ് അദ്ധ്യക്ഷന് ലഭിച്ചിരിക്കുന്നു. പൊതു അവധി ദിവസങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും പൊതുവെ അവധിയായിരിക്കുമെന്നതിനാൽ എല്ലാ പൊതു അവധി ദിവസങ്ങളിലും കോവിഡ് മാനദണ്ഡങ്ങൾക്ക് കർശനമായി പാലിച്ചുകൊണ്ട് ചട്ട പ്രകാരമുള്ള കൂടികാഴ്ച്ചയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തണമെന്ന് എല്ലാ സ്ഥാപന മേധാവികൾക്കും നിർദേശം നൽകുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപന മേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ് ആൻ്റ് കറക്ഷണൽ സർവ്വീസസ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല / ഉത്തര മേഖല